# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2214

### 14-06-2019 ൽ മറുപടിക്ക്

### മസാല ബോണ്ടുവഴി വഴി തുക സമാഹരിക്കുന്നതിന് ആർ.ബി.ഐ. അനുമതി

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അൻവർ സാദത്ത് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ധനസമാഹരണത്തിന്റെ ഭാഗമായി മസാല ബോണ്ടുവഴി വിദേശത്ത് നിന്നും എത്ര കോടി രൂപ സമാഹരിക്കുവാനാണ് ആർ.ബി.ഐ. യിൽ നിന്നും അനുമതി ലഭിച്ചത്; | മസാല ബോണ്ടുകൾ വഴി 2672.80 കോടി രൂപയുടെ ധനസമാഹരണത്തിനാണ് നിലവിൽ കിഫ്ബിയ്ക്ക് റിസർവ്വ് ബാങ്ക് അനുമതി നൽകിയിരിക്കുന്നത്. |
| (ബി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത് അതുവഴിയാണോ മസാല ബോണ്ടുകളുടെ വില്പന നടത്തിയതെന്നറിയിക്കുമോ; | കിഫ്ബിയുടെ മസാല ബോണ്ടുകൾ ലണ്ടൻ, സിങ്കപ്പൂർ എന്നീ രണ്ട് സ്റ്റോക്ക് എക്സ്ചേഞ്ചുകളിലും ലിസ്റ്റ് ചെയ്തിരുന്നു. |
| (സി) ഇതിന്റെ ഭാഗമായി മേയ് മാസത്തിൽ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നടന്ന പരിപാടിയിൽ മുഖ്യമന്ത്രി പങ്കെടുത്തത് കിഫ്ബിയുടെ ചെയർപേഴ്സൺ എന്ന നിലയിലാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;? | 2019 മെയ് 17 ന് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നടന്ന പരിപാടിയിൽ ബഹു.മുഖ്യമന്ത്രി പങ്കെടുത്തത് കേരളത്തിന്റെ മുഖ്യമന്ത്രി എന്ന നിലയിലായിരുന്നു. വിദേശ കടപ്പത്ര വിപണിയിൽ പ്രവേശനം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യ സംസ്ഥാനമെന്ന അപൂർവ്വ നേട്ടം കേരളത്തിലെ ഒരു ഏജൻസി ആയ കിഫ്ബി കരസ്ഥമാക്കിയ സാഹചര്യത്തിലായിരുന്നു ഇത്. |

അക്കൗണ്ട്സ് ഓഫീസർ